## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2259 12.02.2020-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.അൻവർ സാദത്ത് | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ

| | | |
|---|---|---|
| (എ) | സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനും പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി 2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ ; | സംസ്ഥാന സർക്കാരിന്റെ ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി വ്യയനിയന്ത്രണ നിർദ്ദേശങ്ങളുൾക്കൊള്ളിച്ചുകൊണ്ട് **17.04.2018 തീയതിയിൽ സ.ഉ.(അ) നം.66/2018/ധന** നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കാൻ പാടില്ലായെന്നും അത്തരം സ്ഥാപനങ്ങൾ അനുവദിക്കേണ്ടതുണ്ടെങ്കിൽ വിശദമായ പഠനത്തിനുശേഷമേ അനുമതി നൽകാവൂയെന്നും നിഷ്കർഷിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവിന് ശേഷം പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെന്നും അതിനുള്ള പ്രത്യേക കാരണമെന്തെന്നും വ്യക്തമാക്കുമോ ? | അനുമതി നൽകിയിട്ടുണ്ട്. **കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ്** എന്ന ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം രൂപീകരിക്കുന്നതിനായി ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ബോർഡിനുള്ള കരട് റൂൾസ് തയ്യാറാക്കി അത് നിയമോപദേശത്തിനായി നിയമവകുപ്പിലേയ്ക്ക് അയയ്ക്കാനുള്ള അന്തിമ നടപടിയിലാണ് കൃഷിവകുപ്പ്. കാർഷിക വൃത്തിയിലേയ്ക്ക് ധാരാളംപേരെ പ്രത്യേകിച്ച് യുവതലമുറയെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. കാർഷിക സമ്പദ് വ്യവസ്ഥയുടെ നെടുംതൂണായ ഉൽപാദന ക്ഷമത ഉയർത്തുന്നതിനായി കർഷകന്റെ ക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് കർഷക ക്ഷേമ ബോർഡിന്റെ ആത്യന്തിക ലക്ഷ്യം. |

സെക്ഷൻ ഓഫീസർ